പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 2458 — 20.6.2012 ലെ മറുപടിക്ക്

## പട്ടികജാതി വിഭാഗങ്ങളുടെ ആരോഗ്യ പരിരക്ഷ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വി.ഡി. സതീശൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)പട്ടികജാതി വിഭാഗങ്ങളുടെ ആരോഗ്യ പരിരക്ഷയ്ക്കായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരും 25000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുമായ പട്ടികജാതിക്കാർക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 25000/- രൂപ വരെ ധനസഹായം നൽകി വരുന്നു. |
| (ബി) ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്ത പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ച് ആശുപത്രികൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;<br>(സി)എങ്കിൽ ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | ബി) & സി) | പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ച് ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം 29 കോളനികളിൽ ഡിസ്പെൻസറികൾ സ്ഥാപിക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ